LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാട്ടിക ബി.എഡ്. സെന്ററിന്റെ അംഗീകാരം പിൻവലിച്ച എൻ.സി.ടി.ഇ. നടപടിക്കെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടതില്ല എന്നും, 2015-17 വർഷത്തെ ബി.എഡ്. അഡ്മിഷൻ നോട്ടിഫിക്കേഷനിൽ നാട്ടിക സെന്റർ ഉൾപ്പെടുത്തേണ്ടതില്ലെന്നും തീരുമാനം എടുത്തിരുന്നെങ്കിലും പിന്നീട് പ്രസ്തുത തീരുമാനം പിൻവലിച്ച് എൻ.സി.ടി.ഇ നടപടിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും നോട്ടിഫിക്കേഷനിൽ നാട്ടിക സെന്റർ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) കത്ത് കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് ലഭ്യമായിട്ടുണ്ട്. സെന്റർ നിലനിർത്താനാവശ്യമായ നടപടികൾ യൂണിവേഴ്സിറ്റി സ്വീകരിച്ചുവരികയാണ്.

എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ

11 (2463) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ, സർക്കാർ കോളേജുകളിലായി എൻജിനീയറിംഗ്/മെഡിക്കൽ ബിരുദ വിദ്യാഭ്യാസത്തിനായി എത്ര സീറ്റുകളാണ് (B-Tech-MBBS) നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) എൻജിനീയറിംഗ്, എം.ബി.ബി.എസ്. സീറ്റുകളുടെ കണക്കുകൾ വേർതിരിച്ച് ലഭ്യമാക്കാമോ ;

(സി) 2014-15 വർഷത്തിൽ ബി.ടെക് ന്റെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു എന്ന കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) 2015 വർഷത്തെ ബി.ടെക്/ എം.ബി.ബി.എസ് കോഴ്സിന് നിലവിൽ ലഭ്യമായ ആകെ സീറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എഞ്ചിനീയറിംഗ് കോളേജുകൾ	ആകെ സീറ്റുകളുടെ എണ്ണം
സർക്കാർ കോളേജുകൾ	5349
സർക്കാർ നിയന്ത്രിത കോളേജുകൾ	7445
സെൽഫ് ഫിനാൻസിംഗ് കോളേജുകൾ	47994
ആകെ	60788

എം.ബി.ബി.എസ്. കോളേജുകൾ	ആകെ സീറ്റുകളുടെ എണ്ണം
സർക്കാർ കോളേജുകൾ	1250
സർക്കാർ നിയന്ത്രിത കോളേജുകൾ	.....
സെൽഫ് ഫിനാൻസിംഗ് കോളേജുകൾ	100
ആകെ	1350

(സി) 2014 വർഷത്തെ അലോട്ട്മെന്റിനുശേഷം ഒഴിഞ്ഞുകിടന്ന സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു :

കോളേജുകൾ	ഒഴിഞ്ഞുകിടന്ന/അലോട്ട്മെന്റ് ചെയ്യാതിരുന്ന സീറ്റുകളുടെ എണ്ണം
സർക്കാർ കോളേജുകൾ	4
എയ്ഡഡ് കോളേജുകൾ	ഇല്ല
സർക്കാർ നിയന്ത്രിത കോളേജുകൾ	729
സെൽഫ് ഫിനാൻസിംഗ് കോളേജുകൾ	11448

LIBRARY ARCHIVES Kerala Legislative Assembly